ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **D4/30958/18/DTE** തീയതി:**06-05-2025**

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നോ, സർക്കാരിൽ നിന്നോ വിവിധ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭ്യമായതിന് ശേഷം ബന്ധപ്പെട്ട അധികാരികളിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ, ഭരണാനുമതിയിൻ പ്രകാരമുള്ള എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് കൊണ്ട് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് -പരാതികൾക്കിടയാക്കുന്നത് - നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന :- **14/02/2025** ലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ **81**-ാമത് വിജിലൻസ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.

ഈ വകുപ്പിന്റെ കീഴിലുള്ള ചില സ്ഥാപനങ്ങൾ, വിവിധ പ്രവൃത്തികൾക്കായി ഈ കാര്യാലയത്തിൽ നിന്നും, സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമായതിനുശേഷം, ബന്ധപ്പെട്ട അധികാരികളിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ഭരണാനുമതിയിൻ പ്രകാരമുള്ള എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് കൊണ്ട് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിരിക്കുന്നു. ഇതുമായി ബന്ധപെട്ട് **Vigilance and Anti corruption Bureau**-ൽ നിന്നും പരാതികൾ / കേസുകൾ എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമായിരിക്കുന്നു. എസ്റ്റിമേറ്റിൽ മാറ്റം വരുത്തി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന്, ബന്ധപ്പെട്ട അധികാരികളിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ഇൻസ്റ്റിറ്റ്യൂഷൻ തലത്തിൽ പർച്ചേസ് കമ്മിറ്റി കൂടി തീരുമാനമെടുക്കുന്ന പ്രവണതയാണ് മിക്ക സ്ഥാപനമേധാവികളും സ്വീകരിക്കുന്നതായി കണ്ടുവരുന്നത്. എസ്റ്റിമേറ്റിൽ മാറ്റം വരുത്തി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം മാത്രം സാധൂകരണത്തിനായി സ്ഥാപനമേധാവികൾ ടി കാര്യാലയത്തിൽ / സർക്കാരിൽ അയയ്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, **Vigilance and Anti corruption Bureau**-ൽ നിന്നും സമാനമായ വിഷയത്തിൽ ലഭ്യമായ പരാതികൾ തീർപ്പാക്കുന്നതിനായി കൂടിയ സൂചനയിലെ വകുപ്പുതല വിജിലൻസ് കമ്മിറ്റിയുടെ തീരുമാന പ്രകാരം, ഭരണാനുമതി അനുവദിക്കപ്പെട്ട എസ്റ്റിമേറ്റ് പ്രകാരം തന്നെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണെന്നും, പ്രസ്തുത എസ്റ്റിമേറ്റിലോ പ്രവൃത്തിയിലോ എന്തെങ്കിലും മാറ്റം അനിവാര്യം ഉള്ള പക്ഷം, പുതുക്കിയ എസ്റ്റിമേറ്റ്, ജസ്റ്റിഫിക്കേഷൻ പ്രൊപ്പോസൽ എന്നിവ സ്ഥാപനമേധാവിയുടെ വ്യക്തമായ ശിപാർശ സഹിതം മുൻകൂറായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ബന്ധപ്പെട്ട അധികാരികളിൽ നിന്നും മാറ്റം വരുത്തിയ എസ്റ്റിമേറ്റ് പ്രകാരം പുതുക്കിയ ഭരണാനുമതി ഉത്തരവ് ലഭ്യമാക്കിയതിന് ശേഷം മാത്രമേ നിർമ്മാണ പ്രവൃത്തികൾ നടത്താവൂ എന്നുള്ള നിർദ്ദേശം ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും നൽകിക്കൊള്ളുന്നു. ടി

നിർദേശം പാലിക്കാതെയുണ്ടാകുന്ന എല്ലാ ഭവിഷത്തുകളുടെയും പൂർണ്ണ ഉത്തരവാദിത്വം സ്ഥാപനമേധാവിയിൽ മാത്രം നിക്ഷിപ്തമായിരിക്കും എന്ന് കൂടി അറിയിയ്ക്കുന്നു. **സ്ഥാപനത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് പുറമേ മെഷീനറികൾ, വിവിധ ഉപകരണങ്ങൾ, തുടങ്ങിയ എല്ലാ വിധ പർച്ചേസുകൾക്കും, ഭരണാനുമതി ലഭ്യമായ സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി പർച്ചേസ് നടത്തേണ്ടുന്നത് അനിവാര്യമെങ്കിൽ , ആയതിനും മേൽ നിർദ്ദേശം ബാധകമായിരിക്കും എന്ന് കൂടി എല്ലാ സ്ഥാപനമേധാവികളെയും അറിയിയ്ക്കുന്നു.**

**SHALIJ P R**
**DIRECTOR**
**06-05-2025**

സ്വീകർത്താവ്,
**1.**ഈ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും (**www.dtekerala.gov.in** എന്ന വെബ് സൈറ്റ് മുഖാന്തിരം).
**2.** ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

Signed by
Shalij P R
Date: 06-05-2025 07:17:00